"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. അനസ്.എ.എസ്-ന്റെ പിതാവിന്റെ ചികിത്സയ്ക്കായി അനുവദിച്ചിരുന്ന പലിശരഹിത വായ്പ തുക ക്രമീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.248/2022/F&WLD　　　　തീയതി, തിരുവനന്തപുരം, 08-06-2022.

പരാമർശം:-
1. 13.08.2021 തീയതിയിലെ സ.ഉ(സാധാ) നം. 244/2021/വനം നമ്പർ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.03.2022 ലെ (എൽ.ഡിസ്) എം.ആർ.1/91658/2021/ആ.വ.ഡ നമ്പർ കത്ത്.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.04.2022 ലെ KFDHQ/2938/2021-ADMIN/H2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിൽ ചുള്ളിമാന്നൂർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ അനസ് എ. എസ്. ന്റെ പിതാവിന് തിരുവനന്തപുരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ഹൃദ്രോഗ ചികിത്സയ്ക്കായി, 3,50,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ച് 3,58,451/- രൂപ അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിൽ ടിയാന് അനുവദിച്ചിരുന്ന പലിശരഹിത വായ്പ തുകയായ 3,50,000/- രൂപ ക്രമീകരിക്കുന്നതിനും ബാക്കി തുകയായ 8451/- രൂപ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമായി അനുവദിക്കണ മെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ, പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ തിരുവനന്തപുരം ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിൽ ചുള്ളിമാന്നൂർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ അനസ് എ. എസ്. ന്റെ പിതാവിന് 20.08.2021 - 18.10.2021 കാലയളവിൽ തിരുവനന്തപുരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ഹൃദ്രോഗ ചികിത്സയ്ക്കായി ആകെ ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 3,58,451/- രൂപയിൽ, പരാമർശം (1) പ്രകാരം അനുവദിച്ച 3,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ തുക ക്രമീകരിച്ചു കൊണ്ടും,

അവശേഷിയ്ക്കുന്ന തുകയായ 8,451/- രൂപ അപേക്ഷകന് പ്രതിപൂരണം ചെയ്തു നല്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).
ശ്രീ.അനസ്.എ.എസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (27.05.2022 ലെ 1827624/ലോൺസ്-എൽ3/233/2021/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 09-06-2022 10:38:26
സെക്ഷൻ ഓഫീസർ.